"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ത.സ്വ.ഭ.വ - ലൈഫ് മിഷൻ - സോഫ്റ്റ് വെയർ ഡെവലപറുടെ സേവനം ലഭ്യമാക്കുന്നതിനും പ്രതിഫലമായി 1,10,000/- രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1024/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/06/2020

---

പരാമർശം:- 1 29.04.2020 തീയതിയിലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 367/2017/ലൈഫ് നമ്പർ കുറിപ്പ്.

2 ലൈഫ് മിഷൻ 12-ാമത് എസ്.എൽ.ഇ.സി യുടെ തീരുമാനം നമ്പർ.5.

3 സ.ഉ(പി)നം.28/2016/ധന തീയതി: 26.02.2016.

4 ലൈഫ് മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1.6.2020 ലെ LF2/511/2018 നമ്പർ കത്ത്

<u>ഉത്തരവ്</u>

ലൈഫ് മിഷന്റെ രണ്ടാംഘട്ടത്തിന്റെ എം.ഐ.എസ് ഡെവലപ്പ് ചെയ്തതും മെയിന്റെയിൻ ചെയ്യുന്നതും ഐ.കെ.എം ആണ് എന്നും എന്നാൽ കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽ രണ്ടാംഘട്ട എം.ഐ.എസ് ൽ മോഡിഫിക്കേഷനുകൾ വരുത്തുന്നതിന് ഐ.കെ.എം - ൽ സോഫ്റ്റ് വെയർ ഡെവലപ്പർമാരുടെ സേവനം ലഭ്യമല്ലെന്നും രണ്ടാംഘട്ട സോഫ്റ്റ് വെയറിൽ നിലനിൽക്കുന്ന പല പ്രശ്നങ്ങളും അതുകൊണ്ടു തന്നെ ഇതുവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും ഇതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2020 ഫെബ്രുവരി - 1 ന് ചേർന്ന യോഗത്തിൽ ലൈഫ് മിഷന്റെ മൊബൈൽ ആപ് ഡെവലപ്പ് ചെയ്ത M/s Thought Ripples എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം മുഖേന സോഫ്റ്റ് വെയർ ഡെവലപ്പറുടെ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചു എന്നും M/s Thought Ripples എന്ന സ്ഥാപനം സോഫ്റ്റ് വെയർ ഡെവലപ്പറുടെ സേവനം

ലഭ്യമാക്കുന്നതിന് 1,10,000 രൂപയാണ് പ്രതിഫലമായി ആവശ്യപ്പെട്ടിട്ടുള്ളതെന്നും ലൈഫ് രണ്ടാംഘട്ട സോഫ്റ്റ് വെയറിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ടി സേവനം അനിവാര്യമായതിനാൽ ഒരു സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പറിന്റെ പ്രതിഫലമായി 1,10,000 രൂപ M/s Thought Ripples - ന് നൽകുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നുവെന്നും ടി തീരുമാനത്തിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷന്റെ രണ്ടാംഘട്ടത്തിന്റെ എം.ഐ.എസ് - ൽ മോഡിഫിക്കേഷനുകൾ വരുത്തുന്നതിന് ഐ.കെ.എം - ൽ സോഫ്റ്റ് വെയർ ഡെവലപ്പർമാരുടെ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ലൈഫ് മിഷന്റെ മൊബൈൽ ആപ് ഡെവലപ്പ് ചെയ്ത M/s Thought Ripples എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം മുഖേന സോഫ്റ്റ് വെയർ ഡെവലപ്പറുടെ സേവനം ലഭ്യമാക്കുന്നതിനും മേൽ സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പറിന്റെ പ്രതിഫലമായി 1,10,000 രൂപ M/s Thought Ripples - ന് നൽകുന്നതിനും ഇത് സംബന്ധിച്ച ചെലവ് 2017-18 ലെ 2515-00-102-34 (plan) എന്ന ശീർഷകത്തിൽ ഭരണപരമായ ചെലവുകൾക്കായി നീക്കിവെച്ചിരിക്കുന്ന 5 കോടിയിൽ അവശേഷിക്കുന്ന തുകയിൽ നിന്നും(യൂണിയൻ ബാങ്കിന്റെ സ്റ്റാച്യൂ ശാഖയിലെ അക്കൗണ്ട് നമ്പർ 336301010211134) ചെലവാക്കുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

File No.LSGD-DB1/115/2020-LSGD

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.